

# അതിരപ്പിള്ളി കോടതിവിധിയിൽ നിന്ന്

**കേരള ഹൈക്കോടതിയിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്, കാടർ കോളനിയിലെ ഗീത കെ., ചാലക്കുടി പുഴ സംരക്ഷണസമിതിയ്ക്കുവേണ്ടി എസ്.പി. രവി, സി.ജി. മധുസുദനൻ എന്നിവർ നല്കിയ ഡബ്ലിയു.പി.(സി) നമ്പർ 9542, 11254, 26070763 എന്നീ കേസുകളിൽ ചീഫ് ജസ്റ്റസ് വി.കെ. ബാലി, ജസ്റ്റിസ് എസ്. സിരി ജഗൻ എന്നിവർ 2006 മാർച്ച് 23 നല്കിയ വിധിയിലെ പ്രസക്തഭാഗങ്ങൾ**

2001 ഒക്ടോബറിലെ ഈ കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെയും (TBGRI നടത്തിയ) പഠനത്തിന്റെയും രത്നച്ചുരുക്കം പ്രസിദ്ധപ്പെടുത്തുകയും, 06-02-2002 ന് പൊതു തെളിവെടുപ്പ് നടത്തുകയും ചെയ്തു. ഇതിൽ ഏകദേശം ഇരുന്നൂറോളം ബന്ധപ്പെട്ട പൗരന്മാർ പങ്കെടുത്തിട്ടുള്ളതാകുന്നു. പൊതു തെളിവെടുപ്പിൽ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്, അഞ്ച് ഗ്രാമപഞ്ചായത്തുകൾ, ശാസ്ത്രജ്ഞർ, ഗവേഷക വിദ്യാർത്ഥികൾ, കർഷകർ, ആദിവാസികൾ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവർ ഈ പദ്ധതിയെ ശക്തമായി എതിർത്തിരുന്നു. തെളിവെടുപ്പ് നടത്തിയ പാനൽ ഐക്യകണ്ഠേന TBGRI യുടെ ദ്രുതപരിസ്ഥിതി ആഘാതപഠന റിപ്പോർട്ട് (R.E.I.A.) അപൂർണ്ണമാണെന്ന് കണ്ടെത്തുകയും, വിശദവും പങ്കാളിത്താധിഷ്ഠിതവുമായ പുതിയ പരിസ്ഥിതി ആഘാത പഠനം നടത്തുകയും അത് പ്രസിദ്ധീകരിച്ച് പൊതു തെളിവെടുപ്പ് നടത്തിയശേഷം മാത്രമേ പദ്ധതികാര്യത്തിൽ തീരുമാനമെടുക്കാവൂ എന്ന് നിർദ്ദേശിക്കുകയുണ്ടായി. ഈ റിപ്പോർട്ട് കേന്ദ്ര-വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച പുതിയ അനുമതി തേടണമെന്നായിരുന്നു ഹൈക്കോടതി നിർദ്ദേശിച്ചിരുന്നത്. എന്നാൽ കെ.എസ്.ഇ.ബി. ഈ നിർദ്ദേശം നിരാകരിച്ചു. പൊതു തെളിവെടുപ്പ് പാനലിന്റെ കണ്ടെത്തലുകൾ കേന്ദ്രത്തിന് സമർപ്പിക്കുകയോ ടി.ബി.ജി.ആർ.ഐ. നടത്തിയ ഇ.ഐ.എ. പഠനത്തിന്റെ അടിസ്ഥാനത്തിൽ പുനരുമതിക്കായി കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തെ സമീപിക്കുകയോ ചെയ്യുകയുണ്ടായില്ല.

പകരം ഇതിനിടയിൽ കെ.എസ്.ഇ.ബി., ഒരു സമഗ്ര പരിസ്ഥിതി ആഘാത പഠനറിപ്പോർട്ട് തയ്യാറാക്കുവാനായി WAPCOS എന്ന ഏജൻസിയെ ഏല്പിച്ചതായും, അവർ 2004 ൽ അവരുടെ റിപ്പോർട്ട് സമർപ്പിച്ചതായും കരുതപ്പെടുന്നു. 2002 ലെ പുതുക്കിയ പരിസ്ഥിതി ആഘാതപഠന (E.I.A.) നോട്ടിഫിക്കേഷൻ പ്രകാരം (WAPCOS തയ്യാറാക്കിയ) ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയോ, അതിന്മേൽ പൊതു തെളിവെടുപ്പ് നടത്തുകയോ ചെയ്തിട്ടില്ല. എന്നാൽ 4-2-2005 ലെ 'മലയാള മനോരമ' റിപ്പോർട്ടിൽ നിന്നും, കേന്ദ്ര മന്ത്രാലയം WAPCOS റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് പുനരനുമതി നൽകിയതായി ഹർജിക്കാർ മനസ്സിലാക്കുകയായിരുന്നു.

രണ്ട് ഭാഗക്കാരുടെയും വാദങ്ങൾ പരിശോധിച്ചതിൽ ഈ പദ്ധതിമൂലം **പരിസ്ഥിതിക്ക് ദോഷം സംഭവിക്കുമോ എന്ന് ഈ ഘട്ടത്തിൽ പരിശോധിക്കേണ്ട ആവശ്യമില്ല എന്ന് കരുതുന്നു.** 2002 ൽ പുതുക്കിയ പരിസ്ഥിതി ആഘാത പഠനം (E.I.A.) നോട്ടിഫിക്കേഷൻ പ്രകാരം കെ.എസ്.ഇ.ബി.യും ഗവൺമെന്റും പ്രവർത്തിച്ചോ എന്ന് മാത്രമേ ഞങ്ങൾ ഇപ്പോൾ പരിശോധിക്കുന്നുള്ളൂ.

WAPCOS ന്റെ പഠനറിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയതാണെന്നും, പരാതികൾ സ്വീകരിച്ചതാണെന്നും അവയും പരി



ഗണിച്ചശേഷമാണ് പരിസ്ഥിതി ക്ലിയറൻസ് നൽകിയതെന്നും, കോടതിയുടെ ഇടപെടൽ വേണ്ട എന്നും ബോധ്യപ്പെടുത്തുവാൻ സംസ്ഥാന സർക്കാരും, കെ.എസ്.ഇ.ബി.യും പരമാവധി ശ്രമിച്ചിട്ടുണ്ട്. എങ്കിലും WAPCOS ന്റെ പഠനറിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി എന്നുള്ളതിന് ഒരു രേഖയും ഹാജരാക്കുവാൻ ഇവർക്ക് സാധിച്ചില്ല. **ഈ കോടതിയിൽപ്പോലും WAPCOS ന്റെ പഠനറിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കിയിട്ടില്ല എന്നുള്ളത് ശ്രദ്ധേയമാണ്.** 2001 ലെ കോടതി വിധി പരിഗണിക്കുമ്പോൾ, ഈ പഠന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയും, പൊതു തെളിവെടുപ്പ് നടത്തുകയും ചെയ്യേണ്ടതായിരുന്നു എന്നു കാണാം. എന്നാൽ ഇത് രണ്ടും ചെയ്തിട്ടില്ല എന്നുള്ളത് വ്യക്തമാണ്.

E.I.A. യുടെ വിജ്ഞാപനത്തിന്റെ മറ്റൊരു ഭേദഗതി കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിലുണ്ടെന്നും അതിന്റെ പകർപ്പ് (Draft) കോടതിക്ക് ഗവൺമെന്റ് പ്ലീഡർ സമർപ്പിക്കുകയും, ഓരോ സമയത്തും E.I.A. വിജ്ഞാപനത്തിന് ഭേദഗതികൾ വന്നാൽ ഇത് ഒരു അവസാനിക്കാത്ത പ്രവർത്തനമാകുമെന്നും ഇത് നിയമമോ ഉത്തരവോ ഉദ്ദേശിക്കാത്ത കാര്യമാണെന്നും ഗവൺമെന്റ് പ്ലീഡർ പറഞ്ഞു. പക്ഷെ കോടതിക്ക് ഈ വാദഗതി അംഗീകരിക്കാനാവില്ല. ഭേദഗതി വരുത്തുന്ന ഭാഗങ്ങൾ കൂടി വിജ്ഞാപനത്തിന് നിർബന്ധമാണമെന്ന് Ext.P3 യിൽ പ്രത്യേകമായി പറയുന്നുണ്ട്. ഗവൺമെന്റോ K.S.EB. യോ ഇതിനെതിരെ പ്രതികരിച്ചിട്ടില്ല. നിയമം അതാണെങ്കിൽ അത് എന്ത് വിലകൊടുത്തും കെ.എസ്.ഇ.ബി.യും ഗവൺമെന്റും അനുസരിക്കേണ്ടതാകുന്നു. **വർദ്ധിച്ചു വരുന്ന പ്രകൃതിധ്വംസനങ്ങളുടെയും പശ്ചാത്തലത്തിലാണ് കേന്ദ്ര സർക്കാരിന് നിയമം കൂടുതൽ കർക്കശമാക്കേണ്ടി വന്നത്. ഇവയുടെ സംരക്ഷണത്തിനാവശ്യമായ എല്ലാ മുൻകരുതലുകളും അവ വികസനത്തിന് തടസ്സമാണെങ്കിൽപ്പോലും കൈക്കൊള്ളേണ്ടതാണ്. കാരണം ഇവിടെ അപകടത്തിലാകുന്നത് പരിസ്ഥിതിയും തന്മൂലം ജീവനുമാണ്.** അതിനാലാണ് വിശദമായ നടപടിക്രമങ്ങളിലൂടെ മറ്റുള്ളവരുമായി ചർച്ച നടത്തണമെന്ന് നിഷ്ക്കർഷിച്ചിരിക്കുന്നത്. ആയതിനാൽ ഭേദഗതി ചെയ്ത വിജ്ഞാപനത്തിലെ കാര്യങ്ങൾ നിർബ്ബന്ധമായും പാലിക്കേണ്ടതാകുന്നു. പദ്ധതി നടപ്പിലാക്കുന്നതിൽ സർക്കാരിനോ കെ.എസ്.ഇ.ബി.ക്കോ വരാവുന്ന ബുദ്ധിമുട്ടുകൾ നമ്മുടെ ജീവന്റെ തന്നെ നിലനിൽപ്പിന്നാധാരമായ പരിസ്ഥിതി സംരക്ഷിക്കുന്നതിന് വിഘാതമായിക്കൂടാ.

ഒന്നാം എതിർകക്ഷി (കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം) നൽകിയ പരിസ്ഥിതി ക്ലിയറൻസ് ഞങ്ങൾ റദ്ദാക്കുന്നു. കെ.എസ്.ഇ.ബി. അവർ നടത്തിയതായി പറയുന്ന പരിസ്ഥിതി ആഘാതപഠന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പൊതുതെളിവെടുപ്പ് നടത്തുകയും ചെയ്തശേഷം പരിസ്ഥിതി അനുമതിക്കായി പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്. പൊതു തെളിവെടുപ്പിന്റെ വിശദാംശങ്ങളും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. കൂടാതെ പഠനറിപ്പോർട്ടിന്റെ പകർപ്പ് ഈ അന്യായങ്ങളിലെ മുഴുവൻ പരാതിക്കാർക്കും നൽകേണ്ടതാകുന്നു. പദ്ധതി കാര്യത്തിൽ ഗവൺമെന്റും, കെ.എസ്.ഇ.ബി.യും പ്രകടിപ്പിച്ച തിടുക്കം കണക്കിലെടുത്ത് എല്ലാ നടപടികളും പുതുക്കിയ പരിസ്ഥിതി ആഘാതപഠന (E.IA.) വിജ്ഞാപനത്തിൽ പറയുന്ന പോലെ കാര്യങ്ങൾ, വിധിന്യായ പകർപ്പ് ലഭ്യമാകുന്ന ദിവസം മുതൽ രണ്ടു മാസത്തിനുള്ളിൽ തീർക്കേണ്ടതാണെന്നും ഞങ്ങൾ നിർദ്ദേശിക്കുന്നു.

(നിലവിലുള്ള അനുമതി, കോടതി റദ്ദാക്കിയെങ്കിലും പൊതു തെളിവെടുപ്പ് നടത്തിയ ശേഷം പുനരനുമതിക്കായി കെ.എസ്.ഇ.ബി.ക്ക് ശ്രമിക്കാവുന്നതാണെന്നു വിധിയിൽ പറയുന്നത് ശ്രദ്ധിച്ചിരിക്കുമല്ലോ. ഈ സാഹചര്യത്തിൽ നമ്മുടെ സമരങ്ങൾ ഇവിടെ അവസാനിക്കുന്നില്ല - ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറം, ചൈതന്യ, പരിയാരം പി.ഒ., ചാലക്കുടി-680 721. ഫോൺ : 9249898773, 9895977769)


ഭൂമിയുടെ സുസ്ഥിര നിലനില്പിന്
ആശംസകളോടെ

കലവറ

ഗ്രീൻ ചാനൽ & ഇക്കോഷോപ്പ്

C/o. കേരളീയം
മുനിസിപ്പൽ മാർക്കറ്റ് ബിൽഡിങ്ങ്, കൊക്കാലെ,
തൃശൂർ-21.
ഫോൺ : 0487-2421385, 9447674375
E-mail: keraleeyamtcr@rediffmail.com

നാട്ടുൽപന്നങ്ങൾക്കും പരിസ്ഥിതിസൗഹൃദ
വസ്തുക്കൾക്കുമായി ഒരിടം


## ഡോക്യുമെന്ററി സിനിമകൾ

**കയ്പ് നീര്** പ്ലാച്ചിമട / (മലയാളം)

**Bitter Drink** (English) കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല) ത്തെക്കുറിച്ച്. / 35 മിനിറ്റ്.

**ബാക്കിപത്രം**: ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച് / 35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം: തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം)
27 മിനിട്ട്, പ്ലാച്ചിമട, സംവിധാനം ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി, സംവിധാനം മണിലാൽ.

**Source of Life for Sale**, 60 mts., Direction K.P. Sasi

**വി.സി.ഡി/ഡി.വി.ഡി/വി.എച്ച്.എസ് കാസറ്റ്.**
**കോപ്പികൾക്കും പ്രദർശനത്തിനും**

**കേരളീയം**
**കൊക്കാലെ, തൃശൂർ 21.**
**ഫോൺ : 0487-2421385, 9447674375**

### പുസ്തകപരിചയം



**അനുയോജ്യ വിദ്യാഭ്യാസം**
പഠനം
കെ. ബഷീർ
പേജ് 138, വില 60 രൂപ
കറന്റ് ബുക്സ്, കോട്ടയം